**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 158** **12-12-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സിറ്റിസൺസ് പോർട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ ഡി കെ മുരളി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഫയലുകൾ കെട്ടിക്കിടക്കുന്നില്ലെന്നുറപ്പ് വരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | **ഉണ്ട്. 04/06/2022 ലെ സ.ഉ.(കൈ.)നം.11/2022/ പി ആൻഡ് എ ആർ ഡി നമ്പർ** സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2022 ജൂൺ 15 മുതൽ സെപ്റ്റംബർ 30 വരെ സംസ്ഥാനത്ത് എല്ലാ ഓഫീസുകളിലും ഫയൽ അദാലത്ത് നടത്തുന്നതിന് നിർദ്ദേശം നൽകിയിരുന്നു. |
| (ബി) | സിറ്റിസൺസ് പോർട്ടലിലൂടെ അപേക്ഷ സ്വീകരിക്കുന്ന പദ്ധതിയുടെ സ്വീകാര്യത വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ലഭിച്ച അപേക്ഷകളെത്രയെന്നും അതിലെത്രയെണ്ണം തീർപ്പാക്കിയെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ; | (ബി) | **ഉണ്ട്. സിറ്റിസൺസ് പോർട്ടലിലൂടെ 09.12.2022 തീയ്യതിയിലെ കണക്കനുസരിച്ച് ആകെ 1143436 അപേക്ഷകൾ ലഭിച്ചതിൽ** 862128 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.<br><br>**ഗ്രാമ പഞ്ചായത്തുകളിലെ നടപടികൾ സുതാര്യവും സുഗമവുമാക്കി സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും പൊതുജനങ്ങളു വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേക്കായി പഞ്ചായത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച നൂതന സോഫ്റ്റ് വെയറാണ് Integrated Loca Governance Management System (ILGMS) . ടി സോഫ്റ്റ് വെയർ 04.04.2022-ൽ സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും വിന്യസിച്ചിട്ടുണ്ട്.**<br><br>ഫ്രണ്ട് ഓഫീസിനോടൊപ്പം പ്രധാന പ്രവർത്തനങ്ങൾ നടക്കുന്ന ബാക്ക് ഓഫീസും കാലഘട്ടത്തിനനുസൃതമായി വിവര സാങ്കേതികവിദ്യയുടെ ആധുനിക സങ്കേതങ്ങൾ ഉൾക്കൊള്ളുന്ന ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിലേക്ക് മാറ്റുന്നതിനാണ് ILGMS ലക്ഷ്യമിടുന്നത്. അതുവഴി ഓഫീസ് പ്രവർത്തനം കൂടുതൽ സുഗമമാക്കുന്നതിന് കഴിയുന്ന |

| | | | |
|---|---|---|---|
| | | | രീതിയിൽ കടലാസ് രഹിത ഫയൽ നീക്കമാണ് സോഫ്റ്റ് വെയറിൽ വിഭാവനം ചെയ്തിട്ടുള്ളത്. |
| (സി) | നഗരസഭകളുടെ സേവനങ്ങൾ ഓൺലൈൻ സംവിധാനം മുഖേന നൽകുന്ന പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | ഉണ്ട്.നഗരസഭകളുടെ പ്രതിമാസ അവലോകന യോഗത്തിൽ ഓൺലൈൻ സംവിധാനം മുഖേന നൽകുന്ന പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ബിൽഡിങ് പെർമിറ്റ് , ലൈസൻസ് ഇവയുമായി ബന്ധപ്പെട്ട ഫയലുകളിലും തീർപ്പ കല്പിക്കുന്നതിനു നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കേരളത്തിലെ നഗരസഭകളിൽ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച് വിന്യസിച്ചിട്ടുള്ള ഓൺലൈൻ സർവ്വീസുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| | |
|---|---|
| 1 | പദ്ധതി രൂപീകരണം മുതൽ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങൾ ഓൺലൈനായി നടപ്പാക്കുന്നതിനുള്ള വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയർ - **സുലേഖ** |
| 2 | കെട്ടിട നികുതി പിരിക്കുന്നതിനും, വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുമുള്ള (ഇ-പേയ്മെന്റ് ഉൾപ്പെടെ) വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ- **സഞ്ചയ** |
| 3 | ഓൺലൈൻ സംവിധാനത്തിലൂടെ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നടത്തുന്നതിനും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുമുള്ള പാക്കേജ്. - **സേവന (സിവിൽ രജിസ്ട്രേഷൻ)** |
| 4 | സംസ്ഥാനത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ വിതരണം ഇലക്ട്രോണിക് മണിയോർഡർസംവിധാനത്തിലൂടെയും DBT(Direct Beneficiary Transfer) മുഖേന ബാങ്ക്/ പോസ്റ്റ് ഓഫീസ് അക്കൗണ്ടിലൂടെയും നിർവഹിക്കുന്നതിനുള്ള വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയർ. - **സേവന (പെൻഷൻ)** |
| 5 | കൗൺസിൽ/കമ്മിറ്റികളുടെ കാര്യപരിപാടികൾ, തീരുമാനങ്ങൾ തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിനും യോഗ തീയതി, സമയം എന്നിവ എസ്.എം.എസ്സ് ആയും, ഇ-മെയിലായും അറിയിക്കുന്നതിനും, മിനിറ്റ്സിന്റെ പകർപ്പ് ബന്ധപ്പെട്ട എല്ലാവർക്കും ഓൺലൈനായി നൽകുന്നതിനുമുള്ള സംവിധാനം. - **സകർമ്മ** |
| 6 | തദ്ദേശഭരണസ്ഥാപനങ്ങളുടെ വെബ്സൈറ്റ് ലഭ്യമാക്കുന്നതിനുള്ള പാക്കേജ്.- **സംവേദിത** |

Sankhya, Sthapana, Sachitra asset, Soochika എന്നീ സോഫ്റ്റ്‌വെയറുകൾ പൂർണ്ണമായി ഓൺലൈനാക്കിയിട്ടില്ല.

സിറ്റിസൺ സർവ്വീസ് പോർട്ടൽ വഴി പൊതുജനങ്ങൾക്ക് അർബൻ ലോക്കൽബോഡികളുടെ സേവനങ്ങൾ ലഭിക്കുന്നതിനായി ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

കേരളത്തിലെ മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും , ഇ-ഗവേണൻസ്

പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പൗരന്മാർക്കുള്ള സേവനങ്ങൾ ഓൺലൈനിലാക്കുന്ന ·തിനും നിരവധി സോഫ്റ്റ്വെയർ ആപ്ലിക്കേഷനുകൾ ഐ.കെ.എം. വികസിപ്പിച്ച് വിന്യസിച്ചിട്ടുണ്ട്. ഈ ആപ്ലിക്കേഷനുകളെയെല്ലാം ഒരൊറ്റ മൊബൈൽ അധിഷ്ഠിത ആപ്ലിക്കേഷനായി സമന്വയിപ്പിച്ച് ഓരോ പൗരനും ഒരൊറ്റ സൈൻഓണും, ഒരു ഡാഷ്ബോർഡും വഴി സർക്കാർ സേവനങ്ങൾ പൗരന്മാർക്ക് അക്ഷരാർത്ഥത്തിൽ അവരുടെ വിരൽത്തുമ്പിൽ ലഭ്യമാകുന്നതിനും, ഉതകുന്ന രീതിയിൽ Micro Service Architecture ല് ക്ലൌഡ് അധിഷ്ഠിത പ്ലാറ്റ്ഫോമിൽ അർബൻ ലോക്കൽബോഡികൾക്കായി ഐ.കെ.എം. വികസിപ്പിച്ചുകൊണ്ടിരിക്കുന്ന ആപ്ലിക്കേഷൻ സോഫ്റ്റ്വെയറാണ് **കെ-സ്മാർട്ട്.**

S. Bindu.
സെക്ഷൻ ഓഫീസർ